"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി - ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കൽ - മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2086/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/10/2021

പരാമർശം:-
1. സ.ഉ.(കൈ) നം. 112/2020/തസ്വഭവ തീയതി 27/07/2020.
2. സ.ഉ (സാധാ) നം.1704/2020/തസ്വഭവ തീയതി 22/09/2020.
3. സ.ഉ (സാധാ) നം.358/2021/തസ്വഭവ തീയതി 09/02/2021.
4. 6.9.2021-ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഒന്നാമത് ലൈഫ് സംസ്ഥാന മിഷൻ കർമ്മസമിതിയുടെയോഗ തീരുമാനം.
5. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29.9.2021 2/10/2021 തീയതികളിലെ ലൈഫ് 2020 നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ വിട്ടുപോയ അർഹരായ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അതു പ്രകാരം അപേക്ഷകൾ അപേക്ഷകൾ സ്വീകരിച്ച് ശേഷം അന്തിമ പട്ടിക തയ്യാറാക്കുന്നതുവരെയുള്ള നടപടി ക്രമങ്ങൾ പ്രവർത്തന കലണ്ടറായും ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ദീർഘിപ്പിക്കുകയുണ്ടായി. അപേക്ഷകൾ സ്വീകരിച്ച ശേഷം അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടി ക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന കലണ്ടർ പരാമർശം (3) പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. അപേക്ഷകൾ സ്വീകരിച്ച ശേഷം അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടി ക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിക്കുന്നതിനായി പരാമർശം (4) പ്രകാരം തീരുമാനിച്ചതനുസരിച്ച് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (5) പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിൻപ്രകാരം ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിന് 2020 സെപ്റ്റംബർ 23 വരെ സ്വീകരിച്ച അപേക്ഷകളിന്മേൽ തുടർനടപടിക്ക് അനുബന്ധമായി ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ പ്രവർത്തന കലണ്ടറും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ,, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Reeny

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ലൈഫ് 2020-ലെ അപേക്ഷകളിന്മേലുള്ള അർഹതാ പരിശോധന മാർഗ്ഗനിർദ്ദേശങ്ങൾ

കേരളത്തിലെ അർഹരായ എല്ലാ ഭവന രഹിതർക്കും/ നിലവിലെ ഭവനം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം നൽകുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ 2020-21-ൽ സ്വീകരിച്ച ഓൺലൈൻ അപേക്ഷകളിന്മേൽ പരിശോധന നടത്തി അർഹരായ ഭൂരഹിത ഭവനരഹിതർ / ഭൂമിയുള്ള ഭവനരഹിതർ എന്നീ വിഭാഗത്തിലുള്ള ഗുണഭോക്താക്കളെയും അതോടൊപ്പം പുനരുദ്ധാരണത്തിലൂടെ വാസയോഗ്യമാക്കാൻ സാധിക്കുന്ന ഭവനങ്ങളുടെ വിവരങ്ങളും കണ്ടെത്തേണ്ടതാണ്. ടി ലക്ഷ്യപ്രാപ്തിക്കായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1) www.life2020.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുക.

2) ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അവബോധം നൽകുന്നതിനാവശ്യമായ പരിശീലനം നൽകുക.

3) നിർവഹണ ഉദ്യോഗസ്ഥർ തന്നെ അപേക്ഷകരെ നേരിട്ട് സമീപിച്ച് പരിശോധന നടത്തേണ്ടതാണ്.ആദിവാസി മേഖലയിൽ / സങ്കേതങ്ങളിൽ അപേക്ഷകരെ തിരിച്ചറിയുന്നതിനായി പട്ടികവർഗ്ഗ/ പട്ടികജാതി അനിമേറ്റേർസ്/ പ്രൊമോട്ടേർസിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. അപേക്ഷകർ നിലവിൽ താമസിക്കുന്ന സ്ഥലത്തെത്തി പരിശോധിക്കേണ്ടതാണ്.

4) അർഹതാ മാനദണ്ഡങ്ങൾ വസ്തുതാപരമാണോ എന്ന് അസ്സൽ രേഖകളുമായി ഒത്തുനോക്കി ഉറപ്പുവരുത്തേണ്ടതുമാണ്.

5) ക്ലേശ ഘടകങ്ങൾ സംബന്ധിച്ച് സർക്കാർ അംഗീകരിച്ച രേഖകൾ പരിശോധനാവേളയിൽ പരിശോധിച്ച് അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്തു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

6) നിർവഹണ ഉദ്യോഗസ്ഥർ അപേക്ഷകൻ ഓൺലൈനായി സമർപ്പിച്ചിട്ടുള്ള വിവരങ്ങൾ കൃത്യമായി പരിശോധിച്ച് ആവശ്യമായ രേഖകൾ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

7) പരിശോധനയുടെ ഭാഗമായുള്ള രേഖാ പരിശോധനയിൽ ഏതെങ്കിലും രേഖകൾ അപേക്ഷകൻ തെറ്റായി അപ് ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ അത് മാറ്റി ശരിയായ രേഖ നിർവഹണ ഉദ്യോഗസ്ഥർ അപ് ലോഡ് ചെയ്യേണ്ടതാണ്.

8) ഭൂരഹിത ഭവനരഹിതരായ അപേക്ഷകർക്ക് ഭൂമിയില്ലായെന്ന് വില്ലേജ് ഓഫീസർ നൽകിയ സാക്ഷ്യപത്രം നിർബന്ധമായും അപ് ലോഡ് ചെയ്യേണ്ടതാണ്.

9) അപേക്ഷകന് നിലവിൽ വീടുണ്ടെങ്കിൽ ടി വീടിന്റെ ഫോട്ടോ പരിശോധനാവേളയിൽ എടുത്ത് നിർബന്ധമായും സോഫ്റ്റ്‌വെയറിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

10) പരിശോധനാ സമയത്ത് രേഖകൾ ഹാജരാക്കാൻ സാധിക്കാത്തവർക്ക് (ആധാർ കാർഡ് ഉൾപ്പെടെ) പരിശോധനയുടെ അവസാന ദിനത്തിനു മുൻപ് രേഖകൾ ഓഫീസിൽ ഹാജരാക്കാൻ അവസരം നൽകേണ്ടതും ആയത് യഥാസമയം സോഫ്റ്റ്‌വെയറിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

11) പരിശോധനാ സാക്ഷ്യപത്രം ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥർ ഓൺലൈനായി തന്നെ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അനർഹർ പട്ടികയിൽ ഉൾപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം പരിശോധന ഉദ്യോഗസ്ഥനായിരിക്കും.

12) കരട് പട്ടിക പ്രസിദ്ധീകരിക്കൽ, അപ്പീൽ നടപടി ക്രമം, ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കൽ, ജില്ലാതല മോണിറ്ററിംഗ് സമിതി എന്നിവയുടെ ഘടന മുതലായവ 27.07.2020-ലെ ജി.ഒ. (എംഎസ്) 112/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പാലിക്കേണ്ടതാണ്.

13) ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്ന ഗുണഭോക്തൃ പട്ടികയാണ് പ്രസിദ്ധീകരിക്കേണ്ടത്. ഇതിൽ യാതൊരുവിധ മാറ്റവും വരുത്താൻ പാടുള്ളതല്ല.

**പ്രവർത്തന കലണ്ടർ**

| നം. | പ്രവർത്തനങ്ങൾ | അവസാന തീയതി |
|---|---|---|
| 1 | ജില്ലാതല യോഗം (ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപന അദ്ധ്യക്ഷന്മാരുടെയും/ സെക്രട്ടറിമാരുടെയും) | 2021 ഒക്ടോബർ 30-നകം |
| 2 | പരിശോധനാ ഉദ്യോഗസ്ഥർക്ക് പരിശീലനം (IIITMK ഓൺലൈനായി) | 2021 ഒക്ടോബർ 30-നകം |
| 3 | ഫീൽഡ് തല പരിശോധന | 2021 നവംബർ 1 മുതൽ 2021 നവംബർ 30 വരെ |
| 4 | കരട് പട്ടിക പ്രസിദ്ധീകരിക്കൽ | 2021 ഡിസംബർ 1 |
| 5 | ഒന്നാം ഘട്ട അപ്പീൽ സമർപ്പിക്കൽ | 2021 ഡിസംബർ 15 |
| 6 | ഒന്നാം ഘട്ട അപ്പീൽ തീർപ്പാക്കൽ | 2021 ഡിസംബർ 30 |
| 7 | രണ്ടാം ഘട്ട അപ്പീൽ സമർപ്പിക്കൽ | 2022 ജനുവരി 15 |
| 8 | രണ്ടാം ഘട്ട അപ്പീൽ തീർപ്പാക്കൽ | 2022 ജനുവരി 31 |
| 9 | അന്തിമ കരട് പട്ടിക പ്രസിദ്ധീകരിക്കൽ | 2022 ഫെബ്രുവരി 10 |
| 10 | ഗ്രാമസഭാ അംഗീകാരം | 2022 ഫെബ്രുവരി 20 |
| 11 | ഭരണസമിതി അംഗീകാരം | 2022 ഫെബ്രുവരി 25 |
| 12 | ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കൽ | 2022 ഫെബ്രുവരി 28 |

അർഹതാ പരിശോധനയുടെ പ്രവർത്തന സഹായി www.life2020.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.